## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3802 — 23/08/2017-ൽ മറുപടിക്ക്

### പട്ടാമ്പി മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസും സബ് സ്റ്റേഷനും

| | ചോദ്യം<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി** | | ഉത്തരം<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടാമ്പി മണ്ഡലത്തിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വിളയൂർ സെക്ഷൻ ഓഫീസ്, വല്ലപ്പുഴ സബ് സ്റ്റേഷൻ, എന്നിവയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; ഇവ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (എ) | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് മാത്രമേ പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂ എന്ന് തീരുമാനിച്ചിരുന്നു. മേൽ പ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമല്ലാത്തതിനാൽ വിളയൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല.<br><br>പട്ടാമ്പി മണ്ഡലത്തിൽ വല്ലപ്പുഴ എന്ന സ്ഥലത്ത് 110 K.V സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ വല്ലപ്പുഴയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാദേശികമായി തടസ്സം നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ പട്ടാമ്പിയിൽത്തന്നെ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ